# ഗവ.ഹയർ സെക്കന്ററി സ്കൂൾ
# തോപ്രാംകുടി




# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 – 2026

# ഉള്ളടക്കം


* ആമുഖം
* കാഴ്ചപ്പാട്
* പൊതുലക്ഷ്യങ്ങൾ
* അക്കാദമിക് പ്രവർത്തനങ്ങൾ
* ഉപസംഹാരം

# ഗവ: H. S. S. തോപ്രാംകുടി
# അക്കാദമിക മാസ്റ്റർ പ്ലാൻ

ആമുഖം:-

1975–ൽ ട്രൈബൽ എൽ. പി. സ്കൂളായി പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയം നിലവിൽ ഒന്നു മുതൽ പ്ലസ്–ടു വരെ ക്ലാസ്സുകളിൽ അദ്ധ്യയനം നടത്തുന്ന ഹയർസെക്കൻട്രി സ്കൂളാണ്. ഇടുക്കി ജില്ലയിലെ മലയോര മേഖലയായ തോപ്രാൻകുടിയിൽ സ്ഥാപിതമായ ഈ വിദ്യാലയം 1974–ൽ യു. പി. സ്കൂളായും 1980–ൽ ഹൈസ്ക്കൂളായും 2044–ൽ ഹയർസെക്കൻട്രി സ്കൂളായും ഉയർത്തപ്പെട്ടു. വാത്തിക്കുടി, ഇരട്ടയാർ, കാമാക്ഷി, നെടുംകണ്ടം പഞ്ചായത്തുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ സ്കൂൾ വിദ്യാഭ്യാസത്തിനായി ഈ വിദ്യാലയത്തെ ആശ്രയിക്കുന്നുണ്ട്. പാഠ്യ–പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നുവെങ്കിലും ഒട്ടേറെ പരിമിതികൾ ഈ വിദ്യാലയത്തിനുണ്ട്.

ഹൈസ്ക്കൂൾ വിഭാഗത്തിൽ പത്താംക്ലാസ്സിൽ 15 ആൺകുട്ടികളും, 6 പെൺകുട്ടികളും ഉൾപ്പെടെ 21 കുട്ടികളും ചേർത്ത് 134 കുട്ടികളും ഹയർസെക്കൻട്രി വിഭാഗത്തിൽ ............. കുട്ടികളും, നിലവിൽ ഈ വിദ്യാലയത്തിൽ അദ്ധ്യയനം നടത്തുന്നുണ്ട്. ഹൈസ്ക്കൂൾ വിഭാഗത്തിൽ 13 അധ്യാപകർ ഉൾപ്പെടെ 18 ജീവനക്കാരും ഹയർസെക്കൻട്രി വിഭാഗത്തിൽ 16 അധ്യാപകരും ഈ സ്ഥാപനത്തിൽ സേവനം അനുഷ്ഠിക്കുന്നു.

കഴിഞ്ഞ വർഷങ്ങളിൽ എസ്. എസ്. എൽസി പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഹയർസെക്കൻട്രി പരീക്ഷയിലും മികച്ച വിജയം നിലനിർത്താൻ ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്. ഈ സ്കൂളിൽ എസ്. എസ്. എൽ. സി. പരീക്ഷയിൽ പതിനൊന്ന് കുട്ടികളാണ് പരീക്ഷ എഴുതിയത്. ഒരു കുട്ടിക്ക് ഫുൾ A-Plus ഉം, രണ്ട് കുട്ടികൾക്ക് 6 A-Plus ഉം കരസ്ഥമാക്കാൻ സാധിച്ചു. പ്ലസ് ടു സയൻസ് വിഭാഗം ഒരു കുട്ടിക്ക് ഫുൾ A-Plus ഉം, രണ്ട് കുട്ടികൾക്ക് 3 A-Plus ഉം 3 A യും കരസ്ഥമാക്കാൻ സാധിച്ചു.

കലാകായിക രംഗത്തും മികവ് പുലർത്തുന്ന ഈ വിദ്യായലയം ഈ വർഷത്തെ കട്ടപ്പന ഉപജില്ലാ കലോത്സവത്തിലും മികവ് പുലർത്താൻ ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്.

ഒരുകാലത്ത് ആയിരത്തിലധികം കുട്ടികൾ ഹൈസ്കൂൾ വിഭാഗത്തിൽ മാത്രം പഠിച്ചിരുന്ന ഈ വിദ്യാലയം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി കുട്ടികളുടെ കുറവാണ്. തോപ്രാൻകുടി ടൗണിൽ നിന്നും രണ്ട് കിലോമീറ്ററോളം ദൂരെ യാത്രാ സൗകര്യങ്ങൾ തീരെ കുറവായ സ്കൂൾ സിറ്റിയിലാണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്. അതിനാൽ തന്നെ യാത്രാസൗകൃങ്ങൾ കൂടുതലുള്ള സമീപ സ്കൂളുകളിലേക്ക് കുട്ടികൾ പോകുന്ന സ്ഥിതിയുണ്ട്. സാമ്പത്തിക മായും, സാമൂഹികമായും ഏറ്റവും പിന്നിൽ നിൽക്കുന്നവരും, ഹരിജന, ഗിരിജന വിഭാഗത്തിൽ പെട്ടവരും മാത്രമാണ് ഇപ്പോൾ ഈ വിദ്യാലയത്തെ ആശ്രയിക്കുന്നത്. ഈ പ്രദേശത്തെ വളരെയധികം കുട്ടികൾ സമീപസ്ഥലങ്ങളായ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സൃഷ്ടിക്കുന്ന വ്യാമോഹത്തിൽപ്പെട്ട് പൊതു വിദ്യാലയത്തെ ഉപേക്ഷിച്ച് പോകുന്നു. അതുപോലെ ജാതി–മത സമുദായ ശക്തികൾ നടത്തുന്ന എയ്ഡഡ് വിദ്യാലയങ്ങളിലേക്ക് മത സമുദായ നേതാക്കളുടെ സ്വാധീനവും, സമ്മർദ്ധവും മൂലം കുട്ടികൾ കൂടുതലായി പോകുന്നു. ഈ സാഹചര്യത്തിൽ കുട്ടുകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്ന തോപ്രാൻകുടി ഗവ.ഹയർസെക്കൻട്രി സ്കൂൾ ഇന്ന് നിലനിൽപ്പിനാ യുള്ള പോരാട്ടത്തിലാണ്. ആകർഷകങ്ങളായുള്ള കെട്ടിടങ്ങളോ, ചുറ്റുമതിലോ, മികച്ച ഭൗതിക സാഹചര്യങ്ങളോ ഇല്ല എന്നതും ഈ സ്കൂളിന്റെ തകർച്ചയ്ക്ക് ആക്കം കൂടുന്നു.

# കാഴ്ചപ്പാട്

ലോകം നിരന്തരം മാറിക്കൊണ്ടിരിക്കുകയാണ്. ഈ മാറ്റമോ വളരെ വേഗത്തിലും അപ്പോൾ നമ്മുടെ കുട്ടികളും, വിദ്യാലയവും മാറ്റങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്. ഇന്ന് വിജ്ഞാനത്തിന്റെ വളർച്ചയും, വിതരണവും വളരെ വേഗത്തിലാണ്. ലോകത്തെവിടെയുമുള്ള ഏതു കാര്യവും നമ്മുടെ വിരൽത്തുമ്പിലാണ്. വിജ്ഞാന സമ്പാദനത്തിനുള്ള അനന്ത സാധ്യതകളാണ് വിവര സാങ്കേതിക വിദ്യ നമുക്ക് നൽകുന്നത്. ദേശത്തിന്റെയും, രാജ്യത്തിന്റെയും അതിർത്തികൾ കടന്ന് ലോകത്തെവിടെയും പോയി ജോലി ചെയ്യുന്നതിനും ജീവിക്കുന്നതിനുമുള്ള കഴിവും അനുഭവവും നമ്മുടെ കുട്ടികൾക്കുണ്ടാകണം. അതിനു പ്രാപ്തിയുള്ളവരായി വേണം വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾ പുറത്തേക്ക് പോകുന്നത്. ലോകത്തെവിടെയുമുള്ള കുട്ടികളോട് മത്സരിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയണം. ഏത് നാട്ടിലെ കുട്ടികളുടെയും കഴിവിനോട് കിടപിടിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയണം.

സങ്കീർണ്ണവും, സംഘർഷഭരിതവുമായ ഈ സമൂഹത്തിൽ സ്നേഹത്തിന്റെയും, സഹകരണത്തിന്റെയും, ഐക്യത്തിന്റെയും വെളിച്ചം വീഴേണ്ടതുണ്ട്. അടുത്ത തലമുറയിൽ വിഭാഗീയതകളും ജാതി-മത സംഘർഷങ്ങളും, അടിച്ചമർത്തലുകളും ഉണ്ടാകാൻ പാടില്ല. ഭിന്ന സംസ്ക്കാരങ്ങളെ ഉൾക്കൊള്ളാനും, നാനാത്വത്തിൽ ഏകത്വം ദർശിക്കുന്നതിനും വരും തലമുറകൾക്ക് കഴിയണം, ദുർബലരെ സംരക്ഷിക്കുന്നതിനും വയോജനങ്ങൾക്ക് തുണയാകുന്നതും തന്റെ കടമയായി എല്ലാവരും കണക്കാക്കണം.

മണ്ണും, വെള്ളവും, ആകാശവും പോലും മലിനമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലെ കാഴ്ചപ്പാടുകൾക്ക് മാറ്റം വരണം. പ്രകൃതിയോട് ഇണങ്ങിച്ചേർന്ന് ജീവിച്ചാൽ മാത്രമേ മനുഷ്യന് നിലനിൽപ്പുള്ളൂ എന്ന അവബോധം രൂപപ്പെടേണ്ടതുണ്ട്. വനങ്ങളും, നദികളും, സംരക്ഷിക്കപ്പെടണം. മദ്യവും, മയക്കുമരുന്നുകളും, ലഹരി വസ്തുക്കളും ബോധമനസ്സിനെ തളർത്താത്ത ഒരു തലമുറയെയാണ് നമുക്കാവശ്യം. വർഗ്ഗീയതയും, തീവ്രവാദങ്ങളും നമ്മുടെ ലോകത്തു നിന്നും അപ്രത്യക്ഷമാകണം. നമ്മൾ സ്വപ്നം കാണുന്ന ശാന്തിയും, സമാധാനവുമുള്ള, മാനുഷിക മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്ന പൂക്കളേയും, ചെടികളേയും മണ്ണിനേയും മനുഷ്യനേയും സ്നേഹിക്കുന്ന ഒരു തലമുറ രൂപപ്പെടണം അതിനുള്ളതാകണം വിദ്യാഭ്യാസം.

## നിലവിലുള്ള കുട്ടികളുടെ എണ്ണം

| ക്ലാസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| I | 2 | 2 | 4 |
| II | 6 | 6 | 12 |
| III | 5 | 3 | 8 |
| IV | 6 | 5 | 11 |
| V | 5 | 4 | 9 |
| V I | 6 | 9 | 15 |
| V II | 6 | 6 | 12 |
| V III | 7 | 9 | 16 |
| IX | 17 | 9 | 26 |
| X | 15 | 6 | 21 |
| **ആകെ** | **75** | **59** | **134** |

# പൊതു ലക്ഷ്യങ്ങൾ

## മേഖല - മലയാളം

1. മാതൃഭാഷയിൽ അടിസ്ഥാന ധാരണകൾ ഉറപ്പാക്കുക.
2. മാതൃഭാഷയോടുള്ള താല്പര്യം വളർത്തുകയും, ഭാഷാപരമായ കഴിവ് ആർജ്ജിക്കുകയും ചെയ്യുക.
3. സർഗ്ഗാത്മക കഴിവുകൾ വളർത്തുക.
4. മികച്ച രീതിയിൽ മാതൃഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ്
5. മാതൃഭാഷയിൽ വൈഭവമുള്ള കുട്ടികൾക്ക് പരമാവധി അവസരങ്ങൾ ഉറപ്പാക്കുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം മാതൃഭാഷയിൽ വളർത്തുക.

## മേഖല - ഇംഗ്ലീഷ്

1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കുന്നതിനും എഴുതുന്നതിനുമുള്ള കഴിവ് നേടുക.
2. ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തുന്നതിനുള്ള കഴിവ് നേടുക.
3. ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക രചനകൾ നടത്തുക.
4. ഇംഗ്ലീഷ് ഭാഷ പഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികൾക്ക് പരമാവധി അവസരങ്ങൾ ഉറപ്പാക്കുക.
5. മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.

## മേഖല - ഹിന്ദി

1. എല്ലാ കുട്ടികൾക്കും രാഷ്ട്രഭാഷ വായിക്കുന്നതിനും എഴുതുന്നതിനുമുള്ള കഴിവ് നേടുക.
2. ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി കൈവരിക്കുക.

3. ഹിന്ദി ഭാഷയിൽ സർഗ്ഗാത്മകശേഷികളുള്ള കുട്ടികൾക്ക് പരമാവധി അവസരങ്ങൾ ഉറപ്പാക്കുക.

4. ഹിന്ദി ഭാഷയിൽ മികച്ച വായനാശീലം വളർത്തുക.

## മേഖല - ഗണിതം

1. എല്ലാ കുട്ടികൾക്കും അടിസ്ഥാന ഗണിത ക്രിയകൾക്കുള്ള ശേഷി ഉറപ്പാക്കുക.

2. ഗണിതശാസ്ത്രത്തിൽ താല്പര്യം ജനിപ്പിക്കുകയും ഗണിത പഠനം കാര്യക്ഷമമാക്കുകയും ചെയ്യുക.

3. ഗണിതക്രിയകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള ശേഷികൾ ആർജ്ജിക്കുക.

4. ഗണതശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികൾക്ക് പരമാവധി അവസരങ്ങൾ ഉറപ്പാക്കുക.

## മേഖല - ശാസ്ത്രം

1. ശാസ്ത്രാഭിമുഖ്യം വളർത്തിയെടുക്കുക.

2. ശാസ്ത്രീയ വിഷയങ്ങളിൽ സ്വതന്ത്രമായ അന്വേഷണങ്ങളും പഠനങ്ങളും നടത്തുന്നതിന് അവസരം ഉറപ്പാക്കുക.

3. പരീക്ഷണങ്ങളിലൂടെ സ്വയം പഠിക്കുന്നതിനുള്ള അവസരം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക..

4. ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികൾക്ക് പരമാവധി അവസരങ്ങൾ ഉറപ്പാക്കുക.

## മേഖല - സാമൂഹികശാസ്ത്രം

1. പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിലുള്ള സാമൂഹ്യ ബോധം വളർത്തുക

2. മാനുഷിക മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്ന മതേതര - ജനാധിപത്യ കാഴ്ചപ്പാട് രൂപപ്പെടുത്തുക.

3. സാമൂഹ്യ വിഷയങ്ങളിൽ വൈഭവമുള്ള കുട്ടികൾക്ക് അന്വേഷ ണാത്മക പഠനത്തിന് പരമാവധി അവസരങ്ങൾ ഒരുക്കുക..

4. നമ്മുടെ സംസ്കാരത്തിന്റെ തനിമകൾ തിരിച്ചറിയുകയും അവ സംരക്ഷിക്കപ്പെടണമെന്ന ചിന്ത രൂപപ്പെടുത്തുകയും ചെയ്യുക.

5. എല്ലാ കുട്ടികളിലും ജനാധിപത്യബോധവും ദേശീയബോധവും ഉറപ്പാക്കുക.

6. മദ്യം, മയക്കുമരുന്ന്, ലഹരിവസ്തുക്കൾ എന്നിവക്കെതിരെയുള്ള മനോഭാവം രൂപപ്പെടുത്തുകയും അവയ്ക്കെതിരെ പ്രവർത്തിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുക.

## മേഖല - ലൈബ്രറി & ലബോറട്ടറി

1. ലൈബ്രറികൾ വിജ്ഞാന കേന്ദ്രങ്ങളാണെന്ന ബോധം രൂപപ്പെടുത്തുകയും, വായനാശീലം വളർത്തുകയും ചെയ്യുക.

2. വായനയിലൂടെ അറിവ് വർദ്ധിപ്പിക്കുന്നതിനുള്ള അവസരം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

3. പ്രതിഭാശാലികളായ കുട്ടികൾക്ക് തുടർപഠനത്തിനും അന്വേഷ-ണാത്മക പഠനത്തിനും പരമാവധി അവസരങ്ങൾ ഉറപ്പാക്കുക.

4. എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും പഠനം രസകരമാക്കുന്നതിനുമുള്ള അവസരം ഉറപ്പാക്കുക.

5. പ്രതിഭാശാലികളായ കുട്ടികൾക്ക് തുടർപഠനത്തിനും പരീക്ഷണങ്ങൾക്കും പരമാവധി അവസരങ്ങൾ ഒരുക്കുക.

## മേഖല - കൃഷി

1. കാർഷികവൃത്തിയോട് ആഭിമുഖ്യം വളർത്തുക.

2. വിവിധ കൃഷിരീതികൾ പരിചയപ്പെടുകയും പ്രായോഗിക പരിചയം ആർജ്ജിക്കുകയും ചെയ്യുക.

3. കാർഷികവൃത്തിയുടെ മഹത്വം തിരിച്ചറിയുകയും കൃഷിയുമായി ബന്ധപ്പെട്ട നാട്ടറിവുകൾ ശേഖരിക്കുകയും ചെയ്യുക

## മേഖല - സ്ത്രീ-പുരുഷ സമത്വം

1. ആരോഗ്യാത്മകമായ സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ചും, തുല്യതയെക്കുറിച്ചുമുള്ള കാഴ്ചപ്പാട് രൂപപ്പെടുത്തുക.
2. പെൺകുട്ടികൾക്ക് തുല്യ അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കുക.
3. സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ എല്ലാവരുടേയും കടമയാണ് എന്ന ചിന്താഗതി വളർത്തിയെടുക്കുക.

## മേഖല - പ്രത്യേക പരിഗണന

1. ശാരീരികമോ മാനസികമോ ആയ വെല്ലുവിളികൾ നേരിടുന്ന വർക്ക് തുല്യ അവസരങ്ങൾ ഉറപ്പാക്കുക.
2. പ്രത്യേക പരിഗണന അർഹിക്കുന്നവരെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് സമൂഹത്തിന്റെ കടമയാണെന്ന ചിന്താഗതി വളർത്തിയെടുക്കുക.
3. കൗൺസിലിംഗും പരിഗണനകളും നൽകി പ്രത്യേക പരിഗണന അർഹിക്കുന്നവരെ മുഖ്യധാരയിലെത്തിക്കുക.
4. സാമ്പത്തികവും സാംസ്കാരികവുമായി പാർശ്വവത്ക്കരിക്കപ്പെ ട്ടവരെയും ആദിവാസി വിഭാഗങ്ങളേയും മുഖ്യധാരയിൽ എത്തിക്കുന്നതിന് പരിഗണനയും പിന്തുണയും ഉറപ്പാക്കുക.
5. പഠനവീട് സൗകര്യം ഒരുക്കുകയും സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് പരിശീലനം നൽകുകയും ചെയ്യുക.

## മേഖല - പരിസ്ഥിതി സംരക്ഷണം

1. പരിസ്ഥിതി സൗഹൃദ കാഴ്ചപ്പാട് രൂപപ്പെടുത്തുക.
2. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നതിനും ജീവജാലങ്ങളുടെ പരസ്പരാശ്രിതത്വം തിരിച്ചറിയുന്നതിനും അവസരങ്ങൾ ഒരുക്കുക.
3. പരിസ്ഥിതി സൗഹൃദ കൃഷിരീതികൾ പരിചയപ്പെടുക.

## മേഖല - കുടിവെള്ള സംരക്ഷണം-ശുചിത്വം

1. പരിസര ശുചിത്വവും മാലിന്യനിർമ്മാർജ്ജനവും ഒരു സംസ്കാരമായി വളർത്തിയെടുക്കുക.
2. ജലസംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ജലസംരക്ഷണ പ്രവർത്തനങ്ങൾ പരിശീലിക്കുക.

## മേഖല - പ്രവൃത്തിപരിചയം

1. അഭിരുചിക്കനുസരിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന തിനും പരിശീലനം നേടുന്നതിനും എല്ലാ കുട്ടികൾക്കും അവസരം ഒരുക്കുക.
2. പ്രാദേശിക വിദഗ്ധരുടെ സഹായത്തോടെ വിവിധങ്ങളായ തൊഴിലുകളിൽ പരിശീലനം ലഭ്യമാക്കുക.

## മേഖല - കലാകായിക പഠനം

1. പ്രാദേശിക കലാരൂപങ്ങൾ പരിചയപ്പെടുന്നതിന് അവസരം ഒരുക്കുക.
2. അഭിരുചിക്കനുസരിച്ച് വിവിധ കലകളിൽ പരിശീലനം നേടുന്നതിന് പ്രാദേശിക വിദഗ്ധരുടെ സഹായത്തോടെ അവസരം ഉറപ്പാക്കുക.
3. പ്രതിഭാശാലികളായ കുട്ടികൾക്ക് വിവിധ കലകളിൽ തുടർ പരിശീലനത്തിനുള്ള സഹായങ്ങൾ ലഭ്യമാക്കുക.
4. കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
5. പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുകയും പരമാവധി വളർച്ചയ്ക്ക് അവസരം ഒരുക്കുകയും ചെയ്യുക.

## മേഖല - പൊതുപരീക്ഷകളിലെ മികവ്

1. എസ്. എസ്. എൽ. സി. പരീക്ഷകയിൽ എല്ലാ കുട്ടികളുടേയും വിജയം ഉറപ്പാക്കുക.
2. D+ രഹിത വിജയം കൈവരിക്കുക.
3. സ്കോളർഷിപ്പ് പരീക്ഷയിൽ മികച്ച വിജയം നേടുക
4. മത്സര പരീക്ഷകളിൽ മികവ് തെളിയിച്ച് ജീവിത വിജയം നേടുന്നതിന് പ്രാപ്തരാക്കുക.

## മേഖല - IT സാധ്യതകൾ പ്രയോജനപ്പെടുൽ

1. പഠനപ്രവർത്തനങ്ങൾ I C T സഹായത്തോടെ സാധ്യതകൾ കുട്ടികൾക്ക് ലഭിക്കുന്നവിധം ക്ലാസ്മുറികൾ സജ്ജീകരിക്കുക.
2. പ്രതിഭാശാലികളായ കുട്ടികൾക്ക് I C T സാധ്യതകൾ പ്രയോജന പ്പെടുത്തുന്നതിനുള്ള അവസരം ഒരുക്കുക.

# വിഭാഗങ്ങൾ

1. **എൽ. പി. വിഭാഗം**

    * മലയാളം
    * ഇംഗ്ലീഷ്
    * ഗണിതം
    * പരിസരപഠനം

2. **എൽ. പി. വിഭാഗം**

    * മലയാളം
    * ഇംഗ്ലീഷ്
    * ഹിന്ദി
    * അടിസ്ഥാനശാസ്ത്രം
    * സാമൂഹ്യശാസ്ത്രം
    * ഗണിതം

2. **ഹൈസ്ക്കൂൾ വിഭാഗം**

    * മലയാളം
    * ഇംഗ്ലീഷ്
    * ഹിന്ദി
    * ഭൗതികശാസ്ത്രം
    * രസതന്ത്രം
    * ജീവശാസ്ത്രം
    * സാമൂഹ്യശാസ്ത്രം
    * ഗണിതം

# L P വിഭാഗം
# അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025-2026

# ഭാഷ

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ് - I**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1. ഭാഷാ കളരി കുട്ടി പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br><br>**2. അമ്മ പറയട്ടെ**<br>അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | ഒക്ടോബർ<br><br>ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | SRG<br>SMC<br>സ്കൂൾ വികസന സമിതി<br><br>ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | SMC<br><br>മദർ പി.ടി.എ. |

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ് - II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1. എഴുത്തും- കുത്തും ലഘു രചനയിലേക്ക് ക്യാമ്പുകൾ<br>2. ലഘുപതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>മദർ പി.ടി.എ. | മദർ പി.ടി.എ. |
| സർഗാത്മകതയെ തട്ടിയുണർത്താം | 1. രചനാശില്പ ശാല, കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC. |

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭ കളെ അടുത്ത റിയാം | 1. കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC. |
| | 2. പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC. |
| | 3. ചിത്ര ഗാലറി | ജനുവരി | മദർ പി.ടി.എ. ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1. പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനാശാല SRG SMC. | ക്ലബ്ബ് SRG SMC. |
| | 2. വായനാകളരി | ആഴ്ചയിലാണ് | ക്ലബ്ബുകൾ | |
| | 3. നാട്ടുവായന പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്റ്റ് | സാഹിത്യ ക്ലബ്ബ് | വായനാശാല |

# മലയാളഭാഷ (ക്ലാസ്- IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കംനിൽ ക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രി കൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ്സ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വളർത്തൽ | കൂട്ടം, ക്ലാസ് ലൈബ്ര റി ഒരുക്കൽ,പുസ്തക പരിചയം വായനാ കുറിപ്പ് ആസ്വാദ കുറിപ്പ് പുസ്തക സംവാദം ആനുകാലി ക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർ ത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവാദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരൻ മാരെ അടുത്തറി യൽ | സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനു സരണം | Class Teacher | |
| **കണ്ടറിയാം കേട്ടറിയാം** | | | | |
| അറിവ് ഡോക്യു മെന്ററിയിലൂടെ നേടൽ (ITC) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനു സരണം | Class Teacher | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **രുചിച്ചറിയാം** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണ ങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസ്സിലൊരു സദ്യ | വർഷത്തിൽ ഒന്ന് | SRG ക്ലാസ്സ് ടീച്ചർ PTA | PTA ഫണ്ട് |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരൻമാർ** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം- പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | SRG Class Teacher CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിൽ ഒന്ന് | HM SRG CPTA Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | HM SRG CPTA Class Teacher | PTA |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം<br>English Day<br>English assembly | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - IL

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരം ഒരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംവാദിക്കൽ | മൂന്ന് മാസത്തിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ | S S A |
| | English ബാലസഭ | മാസത്തിൽ ഒന്ന് | S M C | |
| | English assembly<br>One day English | ആഴ്ചയിൽ ഒന്ന് | | |

**മേഖല - അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയമറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം | ജൂൺ - മാർച്ച് | P T A | S S A<br>S M C |
| | വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | Teachers | Staff |
| | വായനാകളരികൾ | 3 മാസത്തിൽ ഒന്ന് | S S A | S S A |
| | ബാലപ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | Class Teacher | S M C |

# English - Std -IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം മുഴുവൻ) | ക്ലാസ്സ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിൽ ഒന്ന് | Class Teacher | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിൽ ഒരിക്കൽ | H M<br>Class Teacher<br>S M C | S M C |

| ഇംഗ്ലീഷ് കൈയ്യെഴുത്ത് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| ഇംഗ്ലീഷ് ഭാഷയിലുള്ള | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | PTA ഫണ്ട് |
| **ഇംഗ്ലീഷ് കോർണർ** | | | | |
| ഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കുന്നു<br><br>വായന ഒരുക്കൽ<br><br>വായനാകുറിപ്പ് പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | Class Teacher | PTA |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നില വാരത്തിലെത്തി ക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസ മുണ്ടാക്കൽ | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | H M<br>Class Teacher<br>S M C<br>Class P T A | P T A Fund<br>S M C |

# പരിസരപഠനം

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ് - I**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീല ങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും | ഭക്ഷ്യമേള - പ്രദർ ശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും, രുചി അറിയുവാനും | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>S R G<br>S M C | S M C |
| പ്രകൃതിയെ അറി യുന്നതിനും ആസ്വദിക്കുന്ന തിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം ചുറ്റുവട്ടത്താകെ | ഡിസംബർ<br>ജനുവരി | S R G<br>S M C | |

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ് - II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസ്സുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ - ജൂലൈ | അദ്ധ്യാപകർ SRG SMC | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി സംരക്ഷണം<br>കാണാകാഴ്ചകൾ CD | സെപ്റ്റംബർ ഡിസംബർ | അദ്ധ്യാപകർ SRG SMC | SMC. |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ജനുവരി | SRG SMC. നാട്ടുകാർ | |

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാ വബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു കുറിപ്പു തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ് | | |
| ക്ഷണം | തടയണ, മഴക്കുഴി നിർമ്മാണം ജല സ്രോതസ്സുകൾ പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം പരീക്ഷണം വീട്ടിനകത്തും ശാസ്ത്ര മാസികകൾ | | | |

# പരിസരപഠനം - Std -IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം - അറിവു നിർമ്മാണം | പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരമുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്സ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണത്തിൽ സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ്സ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ ഭൂപടവായന സൂചിക - പരിചയപ്പെടൽ | ഭൂപടവായന ഭൂപട രചന സൂചികാനിർമ്മാണം ICT | വർഷത്തിൽ ഒന്ന് | SRG<br>ക്ലാസ്സ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ്സ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | Skit, പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | HM<br>SRG<br>ക്ലാസ്സ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിൽ ഒന്ന് | HM<br>SRG<br>ക്ലാസ്സ് ടീച്ചർ | PTA |

# ഗണിതം

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ് - I**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1. ഗണിത മാഗസിൻ | ജൂൺ - മാർച്ച് | S R G | S S A |
| | 2. ജ്യാമതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിന ക്യാമ്പ് | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |
| | 3. ഗണിത ക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്നുവീതം | S R G<br>ക്ലാസ് ടീച്ചർ | |

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ് - II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഗണിത മാഗസിൻ | ജൂൺ - മാർച്ച് | S R G | S S A |
| | 2. ജ്യാമതീയ രൂപങ്ങ ളുടെ നിർമ്മാണം ഏകദിന ക്യാമ്പ് | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |
| | 3. ഗണിത ക്യാമ്പ് ഗണിത പ്രവർത്തന ങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്നുവീതം | S R G<br>ക്ലാസ് ടീച്ചർ | |

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | S R G<br>P T A | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | S R G<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

# ഗണിതം - Std -IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **കളിക്കാം - ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണംചെയ്യൽ - നടപ്പാക്കൽ - മൂല്യനിർണയം (ഏണിയും പാമ്പും ഡയസ് കളി) സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | S R G<br>ക്ലാസ്സ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ കര - ചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം - പ്രദർശനം | വർഷത്തിൽ ഒരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ്സ് ടീച്ചർ | P T A |
| **ഗണിത ലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | H M<br>S R G<br>ക്ലാസ്സ് ടീച്ചർ | P T A |
| **ഗണിതചുമർ** | | | | |
| ഗണിത രൂപങ്ങ ളുടെ പ്രായോഗി ക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | P T A |
| **ഗണിത പഠനോപകരണ ശില്പശാല** | | | | |
| പഠനോപകരണ ങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനു സരണം | S R G<br>ക്ലാസ്സ് ടീച്ചർ | P T A |
| **ഗണിത മേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | S R G<br>ക്ലാസ്സ് ടീച്ചർ | P T A |

# U P വിഭാഗം
# അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025-2026

# U P- ENGLISH

| Aim | Activity | Pefiod | Assigned by | Expense |
|---|---|---|---|---|
| **Listening**<br>Gives ample opportunities for lister | Teacher gives opportunities for listening ot stories, news, etc..... | Once a week | English Teachers | Nil |
| **Speaking**<br>Gives ample opportunities for Speaking | Teacher gives a topic in the class and asks children to speak 2-3 minutes about it. | Twice a week | English Teachers | Nil |
| **Reading**<br>Gives opportunities for Reading | Teacher lets students read English News paper ................... student to read | Twice a week | English Teachers | Nil |
| Pronunciation **Improvement** | Teacher familiarier children with correct pronunciation of the words. Students practice difficult words and sounds | Once a week | English Teachers | Nil |
| English Film Festival | Organize an English film festival where students watch | Once a Month | English Club | Nil |
| Vocabulary Building | Teacher introduce new words each week and asks students to use them in sentences. A vocabulary quiz can be conducted. | Once a week | English Teachers | Nil |

# അക്കാദമിക മാസ്റ്റർപ്ലാൻ ഹിന്ദി (U P) Std. 5, 6, 7

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു<br><br>അക്ഷരം എഴുതാനും വായിക്കുവാനും കണ്ടെത്തുവാനും പഠിപ്പിക്കുന്നു. | അക്ഷരം അടങ്ങിയ കാർഡ് നൽകുന്നു<br><br>ICT സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുന്നു. | ജൂൺ<br>ജൂലൈ<br><br>മെട്രിക് മേള<br>ഗണിതോത്സവം |
| ആഴ്ചയുടെ എണ്ണങ്ങൾ പരിചയപ്പെടുത്തുന്നു<br><br>1 മുതൽ 100 വരെ എഴുതാൻ പഠിപ്പിക്കുന്നു<br><br>പാഠങ്ങൾ പരിചയപ്പെടുത്തുന്നു. | ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു.<br><br>വർക്ക്ഷീറ്റുകൾ നൽകുന്നു.<br><br>ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ജനന തീയതി എഴുതുവാൻ പറയുന്നു | മധ്യകാലം<br><br>ആഗസ്റ്റ്<br><br>സെപ്റ്റംബർ |
| കാർട്ടൂൺ, ചിത്രകഥ, കഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ പരിശീലിപ്പിക്കുന്നു | കേട്ടെഴുത്ത്, പദസൂര്യൻ, ആസ്വാദനക്കുറിപ്പ്, പോസ്റ്റർ, ചിത്രകഥ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ<br><br>ജനുവരി |
| രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ, വായന, കവിത വായന ഹിന്ദി തിയേറ്റർ സജ്ജീകരിക്കുക, കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണുവാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം |

# U P Basic Science

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിഞ്ഞ് കുട്ടികളിലെ ശാസ്ത്രീയ മനോഭാവം വളർത്തുന്നു. | * പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ്<br>* നിത്യജീവിതത്തിൽ പരിചിത മായ വസ്തുക്കൾ പ്രയോജന പ്പെടുത്തി രസകരമായ പരീക്ഷണങ്ങളിലൂടെ ക്ലാസ്സു കൾ ആരംഭിക്കുന്നു.<br>* പരീക്ഷണക്കിറ്റുകൾ നിർമ്മിക്കുന്നു.<br>*പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കി ശാസ്ത്ര പരീക്ഷ ണങ്ങളുടെ ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം<br>ജൂൺ മുതൽ<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം | സയൻസ് ടീച്ചർ, സയൻസ് ക്ലബ്ബ് | 500/- |
| 2. ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ശാസ്ത്രോപകര ണങ്ങൾ കൈകാ ര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | * ശാസ്ത്രക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് ഇവയുടെ ആഭിമുഖ്യ ത്തിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.<br>* സ്കൂൾ ലാബ് നവീകരിക്കുന്നു.<br>* ക്ലാസുകളിൽ ശാസ്ത്ര മേള കൾ സംഘടിപ്പിക്കുന്നു.<br>ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ | അക്കാദമിക വർഷം | സയൻസ് ടീച്ചർ, സയൻസ് ക്ലബ്ബ് | 500/- |
| 3. ആധുനിക ശാസ്ത്ര സാങ്കേ തിക വിദ്യ പ്രയോ ജനപ്പെടുത്തി ശാസ്ത്രരംഗത്തെ നൂതന ആശയ ങ്ങൾ പരിചപ്പെ ടുത്തുന്നു. | * ICT പ്രയോജനപ്പെടുത്തന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം, പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നതി നായി ICT പ്രയോജനപ്പെടുത്തന്നു. | അക്കാദമിക വർഷം | സയൻസ് ടീച്ചർ | |
| 4. കുട്ടികളുടെ ചിന്താശേഷി, ഭാവന എന്നിവ വളർത്തുക | * പോസ്റ്റർ നിർമ്മാണം<br>* ചാർട്ട് നിർമ്മാണം<br>* ശാസ്ത്രോപകരണ നിർമ്മാണം | അക്കാദമിക വർഷം | സയൻസ് ടീച്ചർ, സയൻസ് ക്ലബ്ബ് | 1,000/- |

# അക്കാദമിക മാസ്റ്റർപ്ലാൻ U P ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രീയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുരുത്തുന്നു | **ഗണിത ശില്പശാല** – കളി രീതിയി ലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.(നമ്പർ കാർഡ്, മഞ്ചാടി, ക്യാഷ് കാർഡ്) | ജൂൺ മാസം<br>വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 2. രസകരമായ ഗണിതശാസ്ത്ര പഠനവും കരച ലനശേഷികളുടെ വികാസവും | **ഒറിഗാമി ശില്പശാല** – ഒറിഗാമിയി ലൂടെ ഗണിതശേഷികൾ കൈവരി ക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. ഗണിതലാബ് സജ്ജമാക്കൽ | ആവശ്യാനു സരണം<br>ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | ഗണിത ക്ലബ്ബ്<br>P T A |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ<br>4. ഗണിതം മധുര മാക്കൽ | **ഗണിത പാർക്ക്** – ജ്യാമതീയ രൂപ ങ്ങൾക്ക് പ്രാധാന്യം നൽകി പാർക്ക് സജ്ജമാക്കൽ | വർഷത്തിൽ പലതവണ | ഗണിത അധ്യാപകൻ ഗണിതക്ലബ്ബിലെ അംഗങ്ങൾ | P T A |
| 5. ഗണിത മേഖല യിൽ കുട്ടികളു ടെ താല്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം** – ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകന്റെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ്സെടുക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | |
| 6. ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തി നായി പ്രയോജന പ്പെടുത്തുന്നു. | **ഐ. ടി. സാധ്യത** – ജ്യാമതീയ രൂപങ്ങൾ, ചതുഷ് ക്രീയകൾ, ടാൻഗ്രാം | | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കുന്നു. | **ഗണിത ക്ലിനിക്** – ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8 വിവിധ ശേഷികളുടെ വികസനം | **ദിനാചരണം** – ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ S R G യിൽ രൂപപ്പെടുത്തുന്നു. | ആവശ്യാനുസരണം | S R G | |

# അക്കാദമിക മാസ്റ്റർപ്ലാൻ U P മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയ സംവാദനം നടത്തുവാനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം** – പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാ അനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാ കേളി**– അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് ആസ്വാദനം, അക്ഷരശുദ്ധി എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2 പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പ് വരുത്തുന്നു | **വാർത്താലോകത്തേക്ക്**– പത്രം, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| | **വാർത്താ വായന** – നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ്തലത്തിൽ വായന നടത്തി തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്സ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾഎന്നിവയെ ആസ്പദമാക്കി ക്വിസ്സ് മത്സരം നടത്തുകയും പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. സാഹിത്യ കൃതികളോടും സാഹിത്യകാരൻമാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം** / **മുഖാമുഖം** – സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടു പ്രാവശ്യം | മലയാളം അധ്യാപകർ | പി. ടി. എ. |
| 4. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്ക്കാരം** – പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | പി. ടി. എ. സ്കൂൾ | പി. ടി. എ. |

# അക്കാദമിക മാസ്റ്റർപ്ലാൻ U P Social Science

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, | **അങ്കത്തട്ട്** – സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ ) | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| 2 പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **ഓർമ്മച്ചെപ്പ്** – അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദി കൾ, ഭൂപ്രകൃതി, തലസ്ഥാന ങ്ങൾ, വൈവിദ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദ മാക്കി I C T സാധ്യതകൾ ഉപയോ ഗിച്ച് ഓർമ്മ പരിശോധന നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ ) | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| 3 ജനാധിപത്യപര മായ ജീവിത സമീപനം രൂപപ്പെടുത്തുക | **Virtual Field Trip** – I C T സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ ) | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| 4. പ്രകൃതി ദുരന്ത ങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തന ങ്ങളിൽ ഏർപ്പെ ടാൻ പഠിതാക്കളെ ബോധവാന്മാരാ ക്കുന്നു | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** – ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ ) | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5.സഹജീവിക ളോട് സമഭാവന വളർത്തി എടു ക്കാൻ പ്രോത്സാ ഹിപ്പി ക്കുന്നു. | **പ്രകൃതി താണ്ഡവം നേർക്കാഴ്ച**– ഭൂകമ്പം, സുനാമി കൊടുംങ്കാറ്റ്, വെള്ള പ്പൊക്കം , ഉരുൾപൊട്ടൽ എന്നിവയുടെ ഭീതി ജനകമായ ദൃശ്യ ങ്ങളിലൂടെ പ്രകൃതി ദുരന്ത ങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കു കയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടു ന്ന തിന് പഠിതാക്കളെ ബോധവാൻമാരാ ക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ ) | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| 6 വിവരവിനിമയ സാങ്കേതിക വിദ്യ യുടെ ദുരുപ യോഗങ്ങളെക്കു റിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ ക്കുറിച്ചും റോഡ് സുരക്ഷയെക്കു റിച്ചും പഠിതാക്ക ളെ ബോധവാൻ മാരാക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം** – പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നി വരെ സന്ദർ ശിച്ച് വിദ്യാർത്ഥികൾ അവരാൽ കഴിയുന്ന സഹായങ്ങൾ ചെയ്യാൻ അവസരം നൽകു ന്നു. ഹതവ്യയശീലത്തിന്റെ ഭാഗമായി കുട്ട കൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്ത ബാധിതപ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| 7 സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടു ത്തുന്നു | **ചിലന്തി വലയിൽ നിന്ന് കുതിച്ചുചാട്ടം** – സാമൂഝ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യ ത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥ രുടേയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങ ളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| 8. സാമൂഹ്യ ശാസ്ത്ര വിഷയ ത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തി ലേക്ക് എത്തിക്കുന്നു | **പുതുചക്രവാളത്തിലേക്ക്** – സിവിൽസർവ്വീസ് പരീക്ഷയെഴുതാൻ പ്രാപ്തി നേടുംവിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായി ക്കുന്ന ഉത്തര ങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതി യിൽ ചോദ്യോത്തരവേളകൾ , ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |

# H S വിഭാഗം
# അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025 - 2026

# H S മലയാളം

## ലക്ഷ്യം

വിദ്യാർത്ഥികളുടെ മലയാളം ഭാഷയിലുള്ള ആശയവിനിമയശേഷി, സാഹിത്യപരമായ അവബോധം, വ്യാകരണപരമായ അറിവ്, സാംസ്ക്കാരികമായ താൽപര്യം എന്നിവ വർദ്ധിപ്പിക്കുക.

## സമയപരിധി - ഒരു അധ്യയനവർഷം പ്രധാന മേഖലകളും പ്രവർത്തനങ്ങളും

## 1. പഠനരീതിയും ഉള്ളടക്കവും

ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം ഓഡിയോ-വിഷ്വൽ പഠന സഹായികൾ ഉപയോഗിക്കുക.

ഉദാഹരണത്തിന്
* പ്രമുഖ കവികളുടെ കവിതാലാപനങ്ങൾ
* സാഹിത്യകൃതികളെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ
* ഇന്ററാക്ടീവ് ലേണിംഗ് പ്ലാറ്റ്ഫോമുകൽ ഉപയോഗിച്ച് പഠനം കൂടുതൽ രസകരമാക്കുക.
* ഓൺലൈൻ ക്വിസ്സുകൾ, ഡിജിറ്റൽ ലൈബ്രറി എന്നിവ പ്രോത്സാഹിപ്പിക്കുക.

## സാഹിത്യ വൈവിധ്യവത്കരണം

* ക്ലാസിക്കൽ സാഹിത്യത്തോടൊപ്പം ആധുനിക കവിത, കഥ, നാടകം, ലേഖനങ്ങൾ എന്നിവ ഉൾപ്പെടുത്തുക.
* വിവിധ സാഹിത്യപ്രസ്ഥാനങ്ങളേയും, രചനാ ശൈലികളേയും പരിചയപ്പെടുത്തുക.
* പ്രാദേശിക സാഹിത്യത്തിനും, നാടൻ കലാരൂപങ്ങൾക്കും പ്രാധാന്യം നൽകുക.

## വ്യാകരണ പഠനം ലളിതമാക്കുക

* പ്രായോഗിക ഉദാഹരണങ്ങളിലൂടെ വ്യാകരണ നിയമങ്ങൾ വിശദീകരിക്കുക.
* കളികളിലൂടെയും, പ്രവർത്തനങ്ങളിലൂടെയും, വ്യാകരണ പഠനം രസകരമാക്കുക
* വിദ്യാർത്ഥികളുടെ തെറ്റുകൾ വിശകലനം ചെയ്ത് വ്യക്തിഗത ശ്രദ്ധ നൽകുക

**ആശയ വിനിമയശേഷി വർദ്ധിപ്പിക്കുക**

* സംവാദങ്ങൾ, പ്രസംഗങ്ങൾ, കഥപറയൽ, കവിതാലാപനം തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ
* ഗ്രൂപ്പ് ചർച്ചകൾക്കും, അവതരണങ്ങൾക്കും അവസരങ്ങൾ നൽകുക.
* ,സർഗ്ഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കുക. കഥ, കവിത, നാടകം, യാത്രാവിവരണം തുടങ്ങിയവ.

2. **അധ്യാപക പരിശീലനം**

**പുതിയ പഠനരീതികളെക്കുറിച്ചുള്ള ശില്പശാലകൾ**

* ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം, ഇന്ററാക്ടീവ് ലേണിംഗ് രീതികൾ എന്നിവയിൽ പരിശീലനം നൽകുക.
* വിവിധ സാഹിത്യവിഭാഗങ്ങളെക്കുറിച്ചും അവ എങ്ങനെ പഠിപ്പിക്കാം എന്നതിനെക്കുറിച്ചും വിദഗ്ദ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
* ഫലപ്രദമായ മൂല്യനിർണ്ണയ രീതികളെക്കുറിച്ച് ബോധവത്ക്കരണം നൽകുക

**അധ്യാപകരുടെ കൂട്ടായ്മകൾ**

* അധ്യാപകർക്ക് അവരുടെ അനുഭവങ്ങളും പഠനരീതികളും പങ്കുവയ്ക്കാൻ വേദികൾ ഒരുക്കുന്നു.
* മികച്ച അധ്യാപകരെ ആദരിക്കുകയും അവരുടെ അനുഭവങ്ങൾ മറ്റുള്ളവർക്ക് പ്രചോദനമാകുകയും ചെയ്യും.

3. **പഠനാന്തരീക്ഷം**

**ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.**

* കൂടുതൽ മലയാളം പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭ്യമാക്കുക.
* വായനാ മത്സരങ്ങൾ, പുസ്തക ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക.

**ക്ലാസ്റൂം പ്രവർത്തനങ്ങൾ**

* ചർച്ചകൾക്കും, സംവാദങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു തുറന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുക.
* വിദ്യാർത്ഥികളുടെ അഭിപ്രായങ്ങളെയും, ചോദ്യങ്ങളേയും പ്രോത്സാഹിപ്പിക്കുക.
* പഠനത്തിൽ പിന്നോട്ട് നിൽക്കുന്ന വിദ്യാർത്ഥിക്ക് പ്രത്യേക സഹായം നൽകുക.

**സാഹിത്യക്ലബ്ബുകൾ**

* കഥ, കവിത, നാടകം എന്നിവയിൽ താത്പര്യമുള്ള വിദ്യാർത്ഥികൾക്കായി ക്ലബ്ബുകൾ രൂപീകരിക്കുക.

## 2. മൂല്യനിർണ്ണയം

### തുടർച്ചയായ മൂല്യനിർണ്ണയം

* പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള ചെറിയ ക്വിസ്സുകൾ, അസൈൻമെന്റുകൾ എന്നിവ നൽകുക.

* വിദ്യാർത്ഥികളുടെ പ്രകടനത്തെക്കുറിച്ച് കൃത്യമായ ഫീഡ്ബാക്ക് നൽകുക.

**സർഗ്ഗാത്മക രചനകൾക്ക് പ്രാധാന്യം**

* കഥ, കവിത, ലേഖനം തുടങ്ങിയ സർഗ്ഗാത്മക രചനകളെ മൂല്യനിർണ്ണയത്തിന്റെ ഭാഗമാക്കുക.

**കേട്ടെഴുത്ത്, വായനാപരീക്ഷകൾ**

* ശരിയായ ഉച്ചാരണം, വായനാശേഷി എന്നിവ വിയിരുത്താനുള്ള പരീക്ഷകൾ നടത്തുക.

**രക്ഷിതാക്കളുടെ പങ്കാളിത്തം**

* രക്ഷാകർത്തൃയോഗങ്ങളിൽ മലയാളത്തിന്റെ പ്രാധാന്യം ചർച്ച ചെയ്യുക.

* വീട്ടിൽ മലയാളം സംസാരിക്കാനും, പുസ്തകങ്ങൾ വായിക്കാനും കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ രക്ഷിതാക്കളെ ബോധവത്ക്കരിക്കുക.

* വിദ്യാലയത്തിലെ മലയാളം പരിപാടികളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക.

**നടപ്പാക്കൽ തന്ത്രം**

* ഓരോ പ്രവർത്തനത്തിനും വ്യക്തമായ സമയപരിധി നിശ്ചയിക്കുക.

* അധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും ഒരു കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുക.

* പദ്ധതിയുടെ പുരോഗതി കൃത്യമായി വിലയിരുത്തുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുക..

* വിദ്യാഭ്യാസ വകുപ്പിന്റേയും, മറ്റ് സ്ഥാപനങ്ങളുടേയും സഹകരണം ഉറപ്പാക്കുക.

ഈ ആക്ഷൻപ്ലാനിലൂടെ മലയാളം വിഷയത്തെ കൂടുതൽ ഫലപ്രദവും, രസകരവും ആക്കാൻ സാധിക്കും.

# H S - ENGLISH

| Aim | Activity | Pefiod | Assigned by | Expense |
|---|---|---|---|---|
| **Speaking** Gives ample opportunities for Speaking | Teacher gives a topic in the class and asks children to speak 2-3 minutes about it Encourage students to speak in English in the class. | Twice a week | English Teachers | Nil |
| **Reading** Gives ample opportunities for Reading | Teacher lets students read English news paper | Once a week | English Teachers | Nil |
| **Writing** Gives opportunities for writing | Teacher gives a topic and asks to write a story or poem. | Once a week | English Teachers | Nil |
| **Comprehen- sion** | Teacher asks students to listen a short story or a news segment and then answer questions to check their understanding | Once a week | English Teachers | Nil |
| Vocabulary Building | Teacher introduce new words each week and asks students to use them in sentences | Once a Month | English Club | Nil |
| Grammar Practice | Teacher provide exercises on different grammar topics such as tenses, Prepostions, Con- junctions, etc... | Once a week | English Teachers | Nil |
| Pronounciation Improvement | Teacher familiarres children with correct pronunciation of words. Students practice difficult sounds and words | Once a week | English Teachers | Nil |

| Aim | Activity | Pefiod | Assigned by | Expense |
|---|---|---|---|---|
| **Group Discussion** | Teacher organicer group discussions on various topics. Students are divided into small groups each group presents their views | Once a week | English Teachers | Nil |
| **English Film Festival** | Organize an English Fiflm Festival where students watch selected English movies. | Once a week | English Club | Nil |

# H S ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
* ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശ സ്നേഹവും വളർത്തിയെടുക്കുക.
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കുവാനും കണ്ടെത്തുവാനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു . അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br><br>ഓഡിയോ വിഷൻ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുന്നു. | ഹ്രസ്വം<br><br>ജൂൺ - ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസ്സിലെ ഓരോ കുട്ടികളുടെയും ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക്ഷീറ്റുകൾ നൽകുന്നു., ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം<br>ആഗസ്റ്റ്<br>സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധി പ്രാധാന്യം നൽകുന്നു<br><br>കാർട്ടൂൺ, ചിത്രകഥ, കഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ<br>ജനുവരി |

## ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യകാലം<br>ഓഗസ്റ്റ് -<br>സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ<br>നവംബർ |

## പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യകാലം<br>ഓഗസ്റ്റ് -<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്ക്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |

# അക്കാദമിക മാസ്റ്റർപ്ലാൻ H S സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിരീക്ഷണങ്ങൾ, പരീക്ഷണങ്ങൾ എന്നിവയിലേർപ്പെടുന്നതിന് കുട്ടികളിൽ താത്പര്യം സൃഷ്ടിക്കൽ | * സയൻസ് ലാബ് നവീകരണം സയൻസ് ലാബ് നവീകരിച്ച് ഉപകരണങ്ങൾ, മോഡലുകൾ എന്നിവ കുട്ടികളുടെ നേതൃത്വത്തിൽ തരം തിരിച്ച് ലേബൽ ചെയ്യുന്നു. ലാബ് ഉപയോഗത്തിന്റെ നിർദ്ദേശങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നു. | ജൂൺ - ജൂലൈ | സയൻസ് അധ്യാപകർ | |
| | * ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കുട്ടികൾക്ക് തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2 മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | * ക്ലാസ്സുകളിൽ ശാസ്ത്രലൈബ്രറി, ശാസ്ത്രമാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 3. നൂതന ശാസ്ത്ര നേട്ടങ്ങൾ കുട്ടികൾക്ക് പരിചിതമാക്കൽ | **ശാസ്ത്രവിസ്മയ ചുമർ**– ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുമർ ക്ലാസ്സിൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 4. ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ കുട്ടികൾക്ക് അവബോധം ഉണ്ടാവുക | * ദിനാചരണ കലണ്ടർ തയ്യാറാക്കുക<br>* സയന്റിസ്റ്റിന്റെ ചരിത്രം, ചിത്ര ങ്ങൾ എന്നിവ ഉൾപ്പെടുത്തി വീഡിയോ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 5. ഓർഗാനിക് കെമിസ്ട്രിയുടെ പ്രാധാന്യം മനസ്സിലാക്കുക. | * ഓർഗാനിക് ഫെസ്റ്റ് സംഘടിപ്പിക്കൽ (ഉദ: Clay ഉപയോഗിച്ച് സംയുക്തങ്ങളുടെ നിർമ്മാണം) | ജൂൺ - ജൂലൈ | സയൻസ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | * ശാസ്ത്ര ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു.<br>* വർഷത്തിൽ ഒരുപ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 7. പഠനത്തിൽ പിന്നോക്കാവസ്ഥ യിൽഉള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി അവരെ മുൻപന്തിയിലേക്ക് കൊണ്ടുവരുന്നു. | * അധ്യാപകർ - കുട്ടി<br>കുട്ടി - കുട്ടി എന്നിങ്ങനെ രണ്ടുതലത്തിൽ പരിശീലനം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | സയൻസ് അധ്യാപകർ | |

# അക്കാദമിക മാസ്റ്റർപ്ലാൻ H S സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്നലക്ഷ്യം കൈവരിക്കുക | * ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു * ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | * സാമൂഹ്യ ശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. * ക്ലാസ്സിൽ സാമൂഹ്യശാസ്ത്ര കോർണർ * സാമൂഹ്യശാസ്ത്ര ലൈബ്രറി | 5 വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | ജില്ലാ പഞ്ചായത്ത് |
| 3. കുട്ടികളിൽ പൊതു വിജ്ഞാനം വളർത്തുക | * സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരി പോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാ ചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവ സംഘടിപ്പിക്കൽ * ചരിത്ര സിനിമാ പ്രദർശനം | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4. പ്രാദേശിക ചരിത്രത്തെക്കുറിച്ച് ധാരണ വളർത്തുക | * മുതിർന്ന പൗരൻമാരുമായി അഭിമുഖം * പഠന യാത്ര * പ്രാദേശിക ചരിത്ര രചന | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5. ഉപഭോഗ സംസ്കാരം - ദൂഷ്യവശങ്ങൾ തിരിച്ചറിയുക | * പഠന യാത്രകൾ * ഭക്ഷ്യവിള ശേഖരം * ചർച്ചകൾ, സംവാദങ്ങൾ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6. സുസ്ഥിര വികസനം എന്ന കാഴ്ചപ്പാട് രൂപീകരിക്കുന്നു | * ഭൂമി മനുഷ്യനു മാത്രമല്ല എന്ന അവബോധം സൃഷ്ടിക്കൽ * സെമിനാർ, ചർച്ചകൾ * ജൈവകൃഷി പ്രോത്സാഹനം | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 7. നീതിന്യായ സംവി ധാനത്തെക്കുറി ച്ചുള്ള അവബോധം ഉണ്ടാക്കുക | * ചിത്ര പ്രദർശനം<br>* കോടതി കാര്യങ്ങൾ വിശദീകരണം | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 8 പാഠഭാഗം ലളിതവും ആകർഷകവും ആക്കുന്നു. | * ഐ ടി അധിഷ്ഠിത T M വികസിപ്പിക്കൽ<br>* വർക്ക് ഷീറ്റുകൾപൂർത്തിയാക്കൽ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 9. പൗരധർമ്മം മനസ്സിലാക്കൽ | * സമൂഹവുമായി ഇടപെടൽ<br>* വിധഗ്ധരായവരെക്കൊണ്ട് ക്ലാസ്സ് സംഘടിപ്പിക്കൽ<br>* സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# അക്കാദമിക മാസ്റ്റർപ്ലാൻ H S ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | Pre test(Work Sheet) ചാർട്ട് | ജൂൺ ആദ്യ രണ്ടാഴ്ച | Teachers, Gifted Students | Teachers |
| 2. നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക വഴി നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | Geometry Box, Card Board, Fevicol, Marker, Ruler, Cutter, Chart, Colour Paper ഇവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ അധ്യാപകരുടെ നിർദ്ദേശം അനുസരിച്ച് I C T ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ശില്പശാല സംഘടിപ്പിക്കൽ | തുടർ പ്രവർത്തനം | അധ്യാപകൻ Gifted Students | P T A പൂർവ്വ വിദ്യാർത്ഥികൾ സന്നദ്ധ സംഘടനകൾ |
| 3. ഗണിത ക്ലബ്ബ് രൂപീകരണം വഴി ഗണിതത്തിൽ താല്പര്യം ഉളവാക്കുന്നു. | നിലവിലെ ക്ലബ്ബിലെ അംഗങ്ങളെ ഉൾപ്പെടുത്തി പുതിയ അംഗങ്ങളെ ചേർക്കലും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കലും | ജൂലൈ ആദ്യവാരം | ഗണിത അധ്യാപകൻ ഗണിതക്ലബ്ബിലെ അംഗങ്ങൾ | അധ്യാപകർ വിദ്യാർത്ഥികൾ |
| 4. ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | Fiel Trip<br>* നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ച് ഗണിത ത്തിന്റെ സ്വാധനമുള്ള മേഖലകൾ കണ്ടെത്തുന്നു.<br>* ഗണിതവും തഴിലുമായുള്ള ബന്ധം കണ്ടെത്തുന്നു.<br>* വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്ന് അതുമായി ബന്ധപ്പെട്ട ഗണിതാശയങ്ങൾ മനസ്സിലാക്കുന്നു. | ടേമിൽ ഒരു പ്രാവശ്യം | അധ്യാപകർ, P T A പൂർവ്വ വിദ്യാർത്ഥികൾ | P T A പൂർവ്വ വിദ്യാർത്ഥികൾ |
| 5. ഗണിത ആശയങ്ങളിൽ നിന്ന് ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ എന്നിവ പരിചയപ്പെടുന്നു. | Fiel Trip<br>* ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ<br>* ശില്പശാലകൾ സംഘടി പ്പിക്കൽ | വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിതക്ലബ്ബ് അംഗങ്ങൾ | P T A |
| 6. ഗണിത ക്ലിനിക് | Work Sheet തയ്യാറാക്കൽ, അഭിമുഖം, പ്രൊജക്ട് അവതരണം മോഡൽ നിർമ്മാണം | തുടർ പ്രവർത്തനം | അധ്യാപകർ ഗിഫിറ്റഡ് സ്റ്റുഡന്റ്സ് | അധ്യാപകർ P T A |

## ഉപസംഹാരം

തോപ്രാൻകുടി ഗവ.ഹയർ സെക്കന്ററി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ സാധിക്കും എന്ന വിശ്വാസത്തിലൂടെയാണ് ഇത് തയ്യാറാക്കിയത്.